**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; അതിൽ എത്ര പരാതികൾ പരിഹരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ട നിവേദനങ്ങൾ അതത് വകുപ്പുകൾക്ക് നടപടിക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വരും. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതായും ഫലപ്രദമായും തീർപ്പ് കൽപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലൊ ഉത്തവുകളിലൊ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും അതോടൊപ്പം ഓരോ ജിലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച പരാതികളിൽ എത്ര എണ്ണം പരിഹരിച്ചു എന്നറിയിക്കുമോ; | (ബി) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച പരാതികളിൽ 8252 എണ്ണം പരിഹരിച്ചു |
| (സി) | ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ; അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി എന്നും വിശദമാക്കുമോ? | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി നവകേരള സദസ്സിൽ 50202 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകളും ഇവയിൽ ഉൾപ്പെടും. എല്ലാ അപേക്ഷകളും ബന്ധപ്പെട്ട തലങ്ങളിൽ പരിശോധിച്ച് അപാകതയുണ്ടെങ്കിൽ പരിഹരിച്ച് ധനസഹായം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരികയാണ്. എല്ലാ രേഖകളും |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ